(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ.

(സി) വിദഗ്ദ്ധന്മാരുടെ അഭിപ്രായം യൂണിവേഴ്സിറ്റി ആരാഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസാനുകൂല്യം

* 190. [18] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞ സ്സ്രംവർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകി ;

(ബി) ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ള ഹൈസ്സ്രം വിദ്യാർത്ഥികളെത്ര; കോളേജ് വിദ്യാർത്ഥികൾ എത്ര;

(സി) ഇവക്കും പുറമെ പരിവർത്തനംചെയ്ത അവശക്രിസ്ത്യൻ വിദ്യാർത്ഥികൾ എത്ര ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

മത്സ്യബന്ധനത്തൊഴിലാളികൾ

* 191. [19] ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്ത് മത്സ്യബന്ധനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സംഖ്യ എത്ര ;

(ബി) അവരിൽ കടലിലും, കായലുകളിലും, നദികളിലും മത്സ്യം പിടിക്കുന്നവരുടെ സംഖ്യ എത്രവീതം ;

(സി) ഉൾനാട്ടിൽ (ഇൻലാൻഡ്) മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം, എത്രപേർക്ക് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 83,200 (എൺപത്തിമൂവായിരത്തി ഇരുന്നൂറ്).

(ബി) കടലിലും, കായലുകളിലും, നദികളിലും മത്സ്യം പിടിക്കുന്നവരുടെ പ്രത്യേകം പ്രത്യേകമായിട്ടുള്ള കണക്കെടുത്തിട്ടില്ല.

(സി). ഉവ്വ്.

(ഡി) നാടൻ വള്ളങ്ങളും,ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനു മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾവഴി സഹായധനം സബ്സിഡി കൊടുക്കുന്നുണ്ട്.

കായലോര മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ തുക കൊള്ളിച്ചിട്ടുണ്ട്. ആവശ്യാനുസരണം അതു ചെയ്തുകൊടുക്കുന്നതുമാണ്. ഈ പദ്ധതി അനുസരിച്ച് മൂത്തേടത്തുകാവ് (വൈക്കം) എന്ന സ്ഥലത്ത് 59 ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി എറെറടുത്തിട്ടുണ്ട്. ഇതിലേക്കായി ഗവണ്മെൻറിൽ നിന്നും 69,878 (അറുപത്തൊൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിയെട്ട്) രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ മുനമ്പത്ത് 20 ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുകയാണ്.

കായലോരങ്ങളിൽ മത്സ്യവിപണികൾ, ലാൻഡിംഗ് സെൻറുകൾ (Marketing and Landing Centres) സ്ഥാപിക്കുന്നതിനുവേണ്ടി മൂന്നാം

LIBRARY ARCHIVES Kerala Legislative Assembly